ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ആഡിറ്റിനുമുമ്പുള്ള കണക്കുകൾ പ്രകാരം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 30 പൊതുമേഖലാസ്ഥാപനങ്ങൾ നഷ്ടത്തിലാണ് പ്രവർത്തിച്ചത്. വിശദാംശം അനുബന്ധം I ആയി* ചേർക്കുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2010-11) വ്യവസായ വകുപ്പിന്റെ അധീനതയിൽ ലാഭത്തിൽ പ്രവർത്തിച്ച 23 പൊതുമേഖലാ സ്ഥാപനങ്ങളിൽ 11 സ്ഥാപനങ്ങൾ 2014-15 സാമ്പത്തിക വർഷം നഷ്ടത്തിലാണ് പ്രവർത്തിച്ചത്. ആയതിന്റെ പേരുവിവരം അനുബന്ധം ആയി ചേർക്കുന്നു.*

വ്യവസായ സ്ഥാപനങ്ങളും ഭൂമിയും

207 (574) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് പുതിയതായി എത്ര വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര ഭൂമിയാണുള്ളത് ; ഇതിൽ വ്യവസായ സ്ഥാപനങ്ങൾ ഉള്ളതും ഇല്ലാത്തതുമായ ഭൂമിയുടെ കണക്ക് ജില്ല തിരിച്ച് നൽകാമോ ;

(സി) കിൻഫ്രയുടെ കീഴിൽ കാസർഗോഡ് ജില്ലയിൽ എത്ര ഭൂമി ഉണ്ട് ; ഇത് ആർക്കെല്ലാം, എത്ര കാലത്തേക്ക്, എത്ര വീതം ഭൂമി നൽകിയിട്ടുണ്ടെന്ന കണക്ക് വ്യക്തമാക്കാമോ ; ലീസിന് ഭൂമി ഏറ്റെടുത്തവർ ഇനിയും വ്യവസായങ്ങൾ തുടങ്ങാൻ ബാക്കിയുണ്ടോ ; എങ്കിൽ പ്രസ്തുത കണക്കുകൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഐ.ഡി.സി.യുടെ ധനസഹായത്തോടെ ആരംഭിച്ചിട്ടുള്ള യൂണിറ്റുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.* വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഭൂമിയുടെ കണക്ക് ശേഖരിച്ചുവരുന്നു.

(ബി) കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ വ്യവസായ സ്ഥാപനങ്ങൾ ഉള്ളതും ഇല്ലാത്തതുമായ ഭൂമിയുടെ കണക്ക് ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കാസർഗോഡ് ജില്ലയിൽ കിൻഫ്ര സ്ഥാപിച്ചിട്ടുള്ള വ്യവസായ പാർക്ക് 278 ഏക്കർ ഭൂമിയിലാണ്. ഇവയെല്ലാം തന്നെ നവംബർ 2012 വരെയുള്ള കാലയളയിൽ 90 വർഷത്തെ പാട്ടവ്യവസ്ഥയിലും അതിനുശേഷം 30 വർഷത്തെ പാട്ടവ്യവസ്ഥയിലുമാണ് നൽകിയിട്ടുള്ളത്. പ്രസ്തുത വ്യവസായ പാർക്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്തിട്ടുള്ള വ്യവസായ സംരംഭകരുടെ പേരും അലോട്ട് ചെയ്തിട്ടുള്ള ഭൂമിയുടെ കണക്കും അനുബന്ധം ആയി ചേർത്തിരിക്കുന്നു.* ലീസിന് ഭൂമി ഏറ്റെടുക്കുകയും എന്നാൽ ഇനിയും വ്യവസായങ്ങൾ തുടങ്ങാതിരിക്കുകയും ചെയ്തിട്ടുള്ള വ്യവസായ സംരംഭകരുടെ വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

ചെറുകിട വ്യവസായങ്ങൾ

208 (575) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) കൂടുതൽ വ്യവസായ നിക്ഷേപം ലഭ്യമാക്കുന്നതിന് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ രംഗത്ത് എത്ര ശതമാനം നിക്ഷേപം വർദ്ധിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) ഈ നിക്ഷേപ വർദ്ധനവ് ഏതെല്ലാം മേഖലയിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനുംവേണ്ടി സംരംഭകത്വ സഹായ പദ്ധതി (ഇ.എസ്.എസ്. അഥവാ എന്റർപ്രിണർ സപ്പോർട്ട് സ്കീം) വഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതു മുതൽ പദ്ധതി പ്രവൃത്തി പഥത്തിൽ എത്തുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ അവർക്കാവശ്യമായ വിദഗ്ധ ഉപദേശം ഉൾപ്പെടെയുള്ള സേവനങ്ങളും നൽകിവരുന്നു. ഇത്തരം പദ്ധതികളിലെ സംരംഭക നിക്ഷേപങ്ങൾക്ക് ഒറ്റത്തവണയായുള്ള സഹായവും സബ്സിഡിയായി വ്യവസായ വകുപ്പുവഴി സംരംഭകർക്ക് നൽകിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly